ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി ടെലിഫോൺ സംഭാഷണം നടത്തി. യുക്രെനുമായുള്ള സംഘർഷം സമാധാനപരമായി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടതായി പ്രധാനമന്ത്രി.

   **PM Modi urges peaceful resolution in Ukraine during phone call with Russian President Putin.**

2. പാർലമെന്റിൽ ഇന്നും പ്രതിപക്ഷ ബഹളം; ഇന്ത്യൻ തുറമുഖ ബിൽ 2025 പാർലമെന്റ് പാസാക്കി.

   **Opposition uproar continues in Parliament; Indian Ports Bill 2025 passed.**

3. ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ വളർച്ചയിൽ ബഹിരാകാശ മേഖല നിർണായക പങ്ക് വഹിച്ചതായി കേന്ദ്രസഹമന്ത്രി ജിതേന്ദ്രസിംഗ്.

   **Space sector played crucial role in India's economic growth, says Union Minister Jitendra Singh**

4. രണ്ടു ദിവസത്തെ സന്ദർശനത്തിന് ചൈനീസ് വിദേശകാര്യ മന്ത്രി ഇന്ത്യയിൽ; വിദേശകാര്യമന്ത്രി എസ് ജയ്ശങ്കറുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

**Chinese Foreign Minister on two-day visit to India; meets EAM S. Jaishankar in New Delhi.**

5. കേരളത്തിൽ, ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലെ സ്ഥിരം വിസി നിയമനത്തിൽ സെർച്ച് കമ്മിറ്റി ചെയർപേഴ്സണായി റിട്ട. ജഡ്ജി സുധാൻഷു ധൂലിയയെ നിയമിച്ച് സുപ്രീം കോടതി.

**SC appoints Retd. Judge Sudhanshu Dhulia as Chairperson of Search Committee for Appointment of Permanent VCs in Kerala's Digital, Technical Universities.**

6. കേരളം, മഹാരാഷ്ട്ര, ഗുജറാത്ത്, ആന്ധ്രാപ്രദേശ്, ഒഡീഷ എന്നിവിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്; കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy rain likely in Kerala, Maharashtra, Gujarat, Andhra Pradesh, and Odisha: IMD; fishing banned off Kerala, Karnataka, Lakshadweep coasts.**

&&&&&&&&&&&&&&&&&

## PM-PUTIN CALL

പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യൻ പ്രസിഡന്റ് വ്‌ളാഡിമിർ പുടിനുമായി ടെലിഫോൺ സംഭാഷണം നടത്തി. അലാസ്കയിൽ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി നടത്തിയ കൂടിക്കാഴ്ച സംബന്ധിച്ച വിവരങ്ങൾ റഷ്യൻ പ്രസിഡന്റ് പങ്കു വച്ചതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. യുക്രൈനുമായുള്ള സംഘർഷം സമാധാനപരമായി പരിഹരിക്കണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടതായും സമാധാനത്തിനുള്ള എല്ലാ ശ്രമങ്ങളെയും പിന്തുണക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

## TRUMP-ZELENSKY MEET

റഷ്യ - യുക്രെയ്ൻ യുദ്ധത്തിന് പരിഹാരം കാണുന്നത് ലക്ഷ്യമിട്ട് യുക്രെയ്ൻ പ്രസിഡന്റ് വ്‌ളോഡിമിർ സെലൻസ്കി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി വാഷിംഗ്ടണിൽ ഇന്ന് നിർണായക കൂടിക്കാഴ്ച നടത്തും. ബ്രിട്ടീഷ് പ്രധാനമന്ത്രി, ഫ്രഞ്ച് പ്രസിഡന്റ്, ജർമ്മൻ ചാൻസലർ, യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ്, നാറ്റോ സെക്രട്ടറി എന്നിവരുൾപ്പെടുന്ന ഉന്നത യൂറോപ്യൻ പ്രതിനിധി സംഘവും ചർച്ചയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

## PORTS BILL(INTRO)

ഇന്ത്യൻ തുറമുഖ ബിൽ 2025 നു രാജ്യസഭയുടെ അംഗീകാരം ലഭിച്ചതോടെ ബിൽ പാർലമെന്റ് പാസാക്കി. വൻകിട തുറമുഖങ്ങൾ ഒഴികെയുള്ള തുറമുഖങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാന മാരിടൈം ബോർഡുകൾ സ്ഥാപിക്കുക, തുറമുഖങ്ങളിലെ മലിനീകരണം, ദുരന്തങ്ങൾ, അടിയന്തര സാഹചര്യങ്ങൾ, സുരക്ഷ എന്നിവ കൈകാര്യം ചെയ്യാൻ വ്യവസ്ഥയുണ്ടാക്കുക തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്. വിപുലമായ കൂടിയാലോചനകൾക്ക് ശേഷമാണ് ബിൽ കൊണ്ടുവന്നതെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ രാജ്യസഭയിൽ പറഞ്ഞു. ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറാനുള്ള ഇന്ത്യയുടെ യാത്രയ്ക്ക് തുറമുഖ മന്ത്രാലയം വലിയ സംഭാവന നൽകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു ( വോയിസ്..... )

&&&&&&&&&&&&&&&&&&

**PARLIAMENT**

വിവിധ വിഷയങ്ങളിൽ പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ബിഹാർ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉന്നയിച്ചായിരുന്നു പ്രതിഷേധം.

&&&&&&&&&&&&&&&&&&

**LS- ASTRONAUT(Intro)**

ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ വളർച്ചയിൽ ബഹിരാകാശ മേഖല നിർണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന് കേന്ദ്രസഹമന്ത്രി ജിതേന്ദ്രസിംഗ്. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ ആദ്യ ഇന്ത്യൻ സഞ്ചാരി ശുഭാൻശു ശുക്ലയുടെ നേട്ടം സംബന്ധിച്ച് ലോക്സഭയിൽ നടന്ന ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ബഹിരാകാശ രംഗത്ത് രാജ്യം നടത്തുന്ന ഗവേഷണങ്ങളും നവീകരണങ്ങളും ജനജീവിതം മെച്ചപ്പെടുത്തുന്നതിന് സഹായകരമായതായി അദ്ദേഹം പറഞ്ഞു. ബഹിരാകാശ യാത്ര നടത്തി തിരിച്ചെത്തിയ ഇന്ത്യൻ വ്യോമസേന ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ലയുടെ നേട്ടത്തിൽ രാജ്യം മുഴുവൻ അഭിമാനിക്കുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു.
(ഹോൾഡ്)

&&&&&&&&&&&&&&&&&&

**VAISHNAW-CHIP**

തദ്ദേശീയമായി ചിപ്സെറ്റുകൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, ഇന്ത്യയെ ഉൽപ്പന്നാധിഷ്ഠിത രാഷ്ട്രമാക്കി മാറ്റാനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. രാജ്യത്ത് സെമികണ്ടക്ടർ മേഖലയിലെ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നതിൽ ഡിസൈൻ ലിങ്ക്ഡ് ഇൻസെന്റീവ് പദ്ധതി നിർണായക പങ്ക് വഹിക്കുന്നതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## PM-C P RADHAKRISHNAN

എൻഡിഎയുടെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയും മഹാരാഷ്ട്ര ഗവർണറുമായ സി പി രാധാകൃഷ്ണൻ പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദിയെ ന്യൂഡൽഹിയിൽ സന്ദർശിച്ചു. ശ്രീ രാധാകൃഷ്ണന്റെ ദീർഘകാലത്തെ പൊതുസേവനവും വിവിധ മേഖലകളിലെ അനുഭവവും രാജ്യത്തിന് മുതൽക്കൂട്ടാകുമെന്ന് ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. അടുത്ത മാസം 9 നാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്. നാമനിർദ്ദേശ പത്രികകൾ വ്യാഴാഴ്ച വരെ നൽകാം.

&&&&&&&&&&&&&&&&&&&

## SC UNIVERSITY

കേരളത്തിലെ ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലെ സ്ഥിരം വൈസ് ചാൻസലർ നിയമനത്തിൽ, സെർച്ച് കമ്മറ്റിയുടെ ചെയർപേഴ്സണായി റിട്ട. ജഡ്ജി സുധാൻഷു ധൂലിയയെ നിയമിച്ച് സുപ്രീം കോടതി. സർക്കാരും ചാൻസലറും നൽകിയ പട്ടികയിൽ നിന്ന് ചെയർപേഴ്സൺ രണ്ട് സർവകലാശാലകൾക്കുമായുള്ള സെർച്ച് കമ്മിറ്റി രൂപീകരിക്കും. അഞ്ചംഗ സെർച്ച് കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളുടെ പേരുകൾ കൈമാറാൻ കേരള സർക്കാരിനോടും ചാൻസലറായ ഗവർണറോടും സുപ്രീംകോടതി നേരത്തെ നിർദേശിച്ചിരുന്നു.

&&&&&&&&&&&&&&&&&&&

## M B RAJESH

കേരള പഞ്ചായത്ത് രാജ് 2025 ( സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ ) ചട്ടം നിലവിൽ വന്നു. സംരംഭക മേഖലയിലെ കാതലായ മാറ്റമാണ് പുതിയ ചട്ടമെന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു. ഇത് പ്രകാരം നിയമവിധേയമായ എല്ലാ സംരംഭങ്ങൾക്കും ഇനി പഞ്ചായത്തുകളിൽ നിന്നും ലൈസൻസ് ലഭിക്കും.

&&&&&&&&&&&&&&&&&&

## THRISSUR VOTERS LIST

തൃശ്ശൂർ ജില്ലയിലെ വോട്ടർ പട്ടികയിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച്, തൃശ്ശൂർ മുൻ ജില്ലാ കളക്ടർ കൃഷ്ണ തേജക്കെതിരെ ഉയരുന്ന ആരോപണങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികൾ ഉചിതമായ നിയമ സംവിധാനങ്ങൾ വഴി പരിഹരിക്കേണ്ടതാണെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## AMEBIC

കോഴിക്കോട് ജില്ലയിൽ അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്. കോഴിക്കോട് മെഡിക്കൽ കോളെജിൽ രോഗ ലക്ഷണങ്ങളോടെ മൂന്ന് മാസം പ്രായമുള്ള കുട്ടി

ഉൾപ്പടെ രണ്ട് പേരാണ് ചികിൽസയിൽ കഴിയുന്നത്. കടുത്ത തലവേദന, പനി, ഛർദ്ദി, കഴുത്ത് തിരിക്കാനും വെളിച്ചത്തിലേക്ക് നോക്കാനും ബുദ്ധിമുട്ട് എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.

&&&&&&&&&&&&&&&&&&

**PREZ TRIBAL COMMUNITIES**

ഗോത്രകാര്യ മന്ത്രാലയത്തിന്റെ 'ആദി കർമ്മയോഗി അഭിയാൻ' പദ്ധതി പ്രകാരം വിവിധ സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്ന ഗോത്ര വ്യക്തികളുമായി രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഗോത്ര സമൂഹങ്ങളുടെ വിലമതിക്കാനാവാത്ത അറിവ്, സാംസ്കാരിക പൈതൃകം, ജീവിതശൈലി എന്നിവ സംരക്ഷിക്കപ്പെടണമെന്ന് ശ്രീമതി മുർമു പറഞ്ഞു. രാജ്യത്തിന്റെ വികസന യാത്രയിൽ ഗോത്രവിഭാഗത്തിന് സജീവ പങ്കാളികളാകാൻ കഴിയുമെന്നും രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

**PM – MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരമ്പര മൻ കി ബാത്ത് ഈ മാസം 31 ന്. പരിപാടിയുടെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, ആഭിപ്രായങ്ങളും 1800-

11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&

## CHINA FM VISIT

ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യി, രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി. വിദേശകാര്യമന്ത്രി എസ് ജയ്ശങ്കറുമായി അദ്ദേഹം ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ചൈന അതിർത്തി പ്രശ്നം സംബന്ധിച്ച, 24-ാമത് പ്രത്യേക പ്രതിനിധി ചർച്ചയിൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലിനൊപ്പം ചൈനീസ് വിദേശകാര്യ മന്ത്രി പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## RAIN – KERALA

കേരളത്തിൽ ശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. എറണാകുളം മുതൽ കോഴിക്കോട് വരെയുള്ള ആറു ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും കർണാടക തീരത്ത് മറ്റന്നാൾ വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## IMD-WEATHER

ഛത്തീസ്ഗഢ്, തീരദേശ ആന്ധ്രാപ്രദേശ്, കൊങ്കൺ, ഗോവ, കർണാടകയുടെ വിവിധ ഭാഗങ്ങൾ, തെലങ്കാന തുടങ്ങിയ ഇടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഈ മേഖലകളിൽ കാലാവസ്ഥാ വിഭാഗം ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും അടുത്ത ഒരാഴ്ച കനത്ത മഴ തുടരുമെന്ന് കാലാവസ്ഥാ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&

## BIHAR RAHUL YATRA

ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണത്തിനെതിരെ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വോട്ടർ അവകാശ യാത്ര ഇന്ന് ഔറംഗാബാദ്, ഗയ എന്നിവിടങ്ങളിൽ എത്തി. ഐ.എൻ.ഡി.ഐ സഖ്യ നേതാക്കളും പ്രതിഷേധ യാത്രയിൽ പങ്കെടുക്കുന്നുണ്ട്. 16 ദിവസം കൊണ്ട് ബിഹാറിലെ ഇരുപതിലധികം ജില്ലകളിലൂടെ കടന്നു പോകുന്ന യാത്ര സെപ്റ്റംബർ 1 ന് പട്നയിലെ ഗാന്ധി മൈതാനിയിൽ സമാപിക്കും.

&&&&&&&&&&&&&&&&&&

## KAPIL- SHOOTING GOLD

കസാക്കിസ്ഥാനിൽ നടക്കുന്ന 16-ാമത് ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ ഹരിയാനയിൽ നിന്നുള്ള കപിൽ ബെയ്ൻസ്ല ഇന്ത്യക്കായി ആദ്യ സ്വർണ്ണം നേടി. 10 മീറ്റർ

എയർ പിസ്റ്റൾ പുരുഷ ജൂനിയർ ഫൈനലിലാണ് സ്വർണ്ണ നേട്ടം. ഇന്ത്യയുടെ ജോനാഥൻ ഗാവിൻ ആന്റണി വെങ്കലം നേടി.

&&&&&&&&&&&&&&&&&&&

## PIYUSH GOYAL – VIKASIT BHARAT

2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിനായുള്ള 100 ദിവസത്തെ പരിവർത്തന അജണ്ടയ്ക്ക് സർക്കാർ തുടക്കം കുറിക്കുകയാണെന്ന് കേന്ദ്ര മന്ത്രി ശ്രീ പിയൂഷ് ഗോയൽ. രണ്ടാമത് ലോക്മത് ഗ്ലോബൽ ഇക്കണോമിക് കൺവെൻഷനെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. ലോകത്തിലെ ഏറ്റവും ആകർഷകമായ ഉപഭോക്തൃ വിപണിയും നിക്ഷേപ കേന്ദ്രവുമായി രാജ്യം ഉയർന്നുവരികയാണെന്ന് ശ്രീ പിയൂഷ് ഗോയൽ വ്യക്തമാക്കി.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&